## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *63 10.02.2016 - ൽ മറുപടിയ്ക്ക്

## **സൗജന്യ മരുന്ന് വിതരണ പദ്ധതി**

| **ചോദ്യം**<br>**ശ്രീ.ആർ. സെൽവരാജ് :**<br>**ശ്രീ.കെ.ശിവദാസൻ നായർ:**<br>**ശ്രീ.എം.എ. വാഹീദ് :**<br>**ശ്രീ.ലൂഡി ലൂയിസ് :** | **മറുപടി**<br>**ശ്രീ. വി . എസ് . ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
|---|---|
| (എ) സൗജന്യ മരുന്ന് വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) ചികിത്സയ്ക്കായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന (ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള) എല്ലാ വിഭാഗം രോഗികൾക്കും സൗജന്യ ജനറിക് മരുന്നുകൾ വിതരണം നടത്തുന്ന പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) പ്രസ്തുത പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും ആവശ്യമായ ജനറിക് മരുന്നുകൾ സൗജന്യമായി നൽകിവരുന്നു. അതനുസരിച്ച് കാൻസർ രോഗ ചികിത്സയ്ക്കുള്ള 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ സാമഗ്രികളുമാണ് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെ വിതരണം നടത്തിവരുന്നത് |
| (സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാന ആരോഗ്യവകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള ആശുപത്രികൾ വകുപ്പ മേധാവികൾ മുഖേന സമർപ്പിക്കുന്ന ക്രോഡീകരിച്ച വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ദേശീയ അടിസ്ഥാനത്തിൽ മത്സര ഇ-ടെണ്ടർ ക്ഷണിക്കുകയും നിലവിലുള്ള സ്റ്റോക്കിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണ ഓർഡറുകൾ നൽകുകയും ചെയ്യുന്നു. അപ്രകാരം ലഭിക്കുന്ന മരുന്നുകൾ കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങൾ മുഖേന അതത് |

| | |
|---|---|
| | ജില്ലകളിലെ സർക്കാർ ആശുപത്രികൾ നൽകിയിട്ടുള്ള ഇൻഡന്റ് അടിസ്ഥാനമാക്കി വിതരണം നടത്തിവരുന്നു.<br>2016-17 സാമ്പത്തിക വർഷത്തെ മരുന്നിനുള്ള ടെൻഡർ നടപടികൾ 2015 നവംബർ മാസം 25 ന് ആരംഭിക്കുകയും 2016 എപ്രിൽ മാസത്തിൽ തന്നെ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ